**ആർ ബി ഐ / 200 -6- 2007 / 280**

ഡി ബി ഒ ഡി .നമ്പർ എൽ ഇ ജി .ബി സി 65 / 09.07.005 /2006 - 07

മാർച്ച് 6, 2007

എല്ലാ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾക്കും /

അഖിലേന്ത്യ ധനകാര്യ സ്ഥാപനങ്ങൾക്കും (ആർ ആർ ബികൾ ഒഴികെ )

പ്രിയപ്പെട്ട സർ,

**വായ്പാദാതാക്കൾക്കുള്ള മര്യാദചട്ടം സംബന്ധിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ**

1. ദയവായി ബാങ്കുകൾക്കും ധനകാര്യസ്ഥാപനങ്ങൾക്കും മര്യാദചട്ടം രൂപപ്പെടുന്നതിനായുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്ന 2003 - മെയ് 5- ം തീയതിയിലെ ഞങ്ങളുടെ സർക്കുലർ ഡി ബി ഒ ഡി .എൽ ഇ.ജി. നമ്പർ ബി സി .104 / 09.07.007 / 2002 - 03 നോക്കുക .

2. മേൽ പറഞ്ഞ സർക്കുലറിന്റെ 2(1) (എ) എന്ന ഖണ്ഡികയനുസരിച്ച് വായ്പയെടുക്കുന്ന ആൾക്ക് മറ്റ് ബാങ്കുകളുടെ വായ്പാ നിബന്ധനകളുമായി അർത്ഥപൂർണ്ണമായി താരതമ്യപ്പെടുത്താനും അറിവുള്ള തീരുമാനമെടുക്കാനുമായി, 2 ലക്ഷം രൂപ വരെ മുൻഗണനാ ഖേലാ വായ്പാ അപേക്ഷകൾ പ്രോസസ്സിങ്ങിന് അടയ്ക്കേണ്ടി വരാവുന്ന ഫീസ്/ ചാർജ്ജുകൾ എന്നിവയെപ്പറ്റിയും അപേക്ഷ സ്വീകരിക്കാതെ പോകുകയാണെങ്കിൽ തിരിച്ച് ലഭിക്കാവുന്ന ഫീസിനെ പറ്റിയും മുൻകൂർ അടവ് ഓപ്ഷനുകളും വായ്പ എടുക്കുന്ന ആളുടെ താത്പര്യങ്ങളെ ബാധിക്കാവുന്ന മറ്റ് വിവരങ്ങളും നൽകുന്ന സമഗ്രമായ ഒരു രേഖയായിരിക്കണം എന്ന് നിർദ്ദേശിച്ചിരുന്നു.

3) കൂടുതൽ സുതാര്യത നേടാനായി അനുഭവത്തിന്റെ വെളിച്ചത്തിൻ മേൽ പറഞ്ഞ നിർദ്ദേശങ്ങൾ വായ്പ തുക വകവെയ്ക്കാതെ തന്നെ എല്ലാ വിഭാഗത്തിലുമുള്ള വായ്പാ അപേക്ഷകൾക്കും ബാധകമാക്കിയിരിക്കുന്നു .തങ്ങളുടെ ബോർഡിന്റെ അനുമതിയോടെ സുതാര്യമായ ഒരു നയം ചിട്ടപ്പെടുത്തുവാൻ ബാങ്കുകളോടും ധനകാര്യസ്ഥാപനങ്ങളോടും നിർദ്ദേശിക്കുന്നു.

4) 2003 ,മെയ് 5 - ംതീയതിയിലെ മേൽ പറഞ്ഞ സർക്കുലറിലെ 2 (1) (ഡി) ഖണ്ഡികയുടെ വകുപ്പുകൾ പ്രകാരം 2 ലക്ഷം രൂപ വരെയുള്ള സംഖ്യകൾ വായ്പ ചോദിക്കുന്ന ചെറു വായ്പ വാങ്ങുന്ന ആളുകൾക്ക് അപേക്ഷ നിരസിച്ചാൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള സമയത്തിനുള്ളിൽ ബാങ്ക്/ധനകാര്യസ്ഥാപനം അതിനുള്ള കാരണം / കാരണങ്ങൾ രേഖാമൂലം അറിയിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു .

5. യാതൊരു പരിധികളും വയ്ക്കാതെ ക്രെഡിറ്റ് കാർഡ് അപേക്ഷ ഉൾപ്പെടെ എല്ലാ വിഭാഗത്തിലും പെടുന്ന വായ്പ അപേക്ഷകളും നിരസിച്ചാൽ അതിനുള്ള കാരണം / കാരണങ്ങൾ ബാങ്കുകളും ധനകാര്യസ്ഥാപനങ്ങളും അറിയിക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളത് .

6. മേൽപറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബാങ്കുകൾ/ധനകാര്യ സ്ഥാപനങ്ങളിൽ എന്നിവ അവരുടെ ബോർഡിന്റെ അനുമതിയോടെ 2007 ഏപ്രിൽ 30നുള്ളിൽ മര്യാദാചട്ടത്തിൽ പുനരവലോകനത്തിൽ ആവശ്യമുള്ള മാറ്റങ്ങൾ വരുത്തേണ്ടതാണ് .മാറ്റിയ മര്യാദചട്ടം ബാങ്കുകളുടെയും ധനകാര്യസ്ഥാപനങ്ങളുടെയും വെബ്സൈറ്റിൽ കൊടുക്കുകയും പരസ്യം വഴി പ്രചരിപ്പിക്കുകയും വേണം.

വിശ്വസ്തതയോടെ

(പ്രശാന്ത് സരൺ)

ചീഫ് ജനറൽ മാനേജർ - ഇൻ - ചാർജ്.